**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1659** **19-09-2025 - ൽ മറുപടിയ്ക്ക്**

**ഡിജിറ്റൽ സർവ്വേ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.വി.സുമേഷ് | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | ഒരു സർവേ നമ്പർ പ്രകാരം ഭൂമി അളക്കുമ്പോൾ ഭൂവുടമയുടെ കൈവശമുള്ള ഭൂമി അളവിൽ കൂടുതലോ കുറവോ ആണെങ്കിൽ എങ്ങനെ പരിഹരിക്കുമെന്ന് വ്യക്തമാക്കാമോ; | (എ) | ഡിജിറ്റൽ സർവെയിൽ RTK, RETS, TAB മുതലായ ആധുനിക സർവെ ഉപകരണങ്ങൾ ഉപോയഗിച്ച് കൈവശ വസ്തുക്കൾ അളന്ന് തിട്ടപ്പെടുത്തുമ്പോൾ, അളവ് നിർണ്ണയം കൂടുതൽ കൃത്യതയോടെ നടക്കുന്നു. ആയതിനാൽ നിലവിലുള്ള ഡോക്യുമെന്റുകളിൽ പരാമർശിച്ചിരിക്കുന്ന അളവിൽ പലപ്പോഴും വ്യത്യാസം വരാവുന്നതാണ്. ഇങ്ങനെ അളവിൽ കൂടുതൽ/കുറവ് വന്നാൽ, ഭൂവുടമയ്ക്ക് പ്രസ്തുത കൈവശസ്ഥലം ഉൾപ്പെട്ടുവരുന്ന വില്ലേജിന്റെ സർവെ ക്യാമ്പ് ഓഫീസുമായി ബന്ധപ്പെട്ട് ആയതിന്റെ നിജസ്ഥിതി അറിയുന്നതിനും ഒന്നുകൂടി പ്രമാണ, സ്ഥല പരിശോധന നടത്തുന്നതിനും വിശദാംശങ്ങൾ/രേഖകൾ പരിശോധിക്കാനും വിവരിക്കാനും അവസരം നൽകുന്നു.<br><br>ഡിജിറ്റൽ സർവെ പ്രകാരം അധിക ഭൂമി കാണിക്കപ്പെടുന്നെങ്കിൽ വ്യക്തികളുടെ കൈവശത്തിലും അനുഭവത്തിലും ഉള്ള അധികഭൂമിയ്ക്ക്, അവ തർക്ക രഹിതമായും സർക്കാർ ഭൂമി സംരക്ഷിച്ചു കൊണ്ടും നിയമപരമായും വ്യവഹാര രഹിതമായും കൈവശം വച്ചിട്ടുള്ളതാണെങ്കിൽ, അങ്ങനെയുള്ള ഭൂമിയുടെ ഉടമസ്ഥാവകാശം അനാവശ്യ വ്യവഹാരങ്ങൾ ഒഴിവാക്കുന്നതിനായി അങ്ങനെയുള്ള വ്യക്തി അഥവാ വ്യക്തികൾ പേരിൽ നിയമ പ്രകാരമുള്ള സാക്ഷ്യ പത്രം നൽകുന്നതിന് ഒരു നിയമം നിർമ്മാണം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. ഇത്തരം ഭൂമിക്ക് കരമടച്ചു നൽകുന്നതിന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) | അതിർത്തി തർക്കങ്ങൾ, തർക്കത്തിലുള്ള സ്ഥലങ്ങൾ എന്നിവ അളക്കുന്നതും തർക്കം പരിഹരിക്കുന്നതും എങ്ങനെയെന്ന് വ്യക്തമാക്കാമോ; | (ബി) | ഡിജിറ്റൽ സർവെ ചെയ്യുമ്പോൾ ഏതെങ്കിലും വസ്തുക്കളിൽ അവകാശത്തർക്കം, അതിർത്തിത്തർക്കം എന്നിവ നിലനിൽക്കുന്ന സാഹചര്യത്തിൽ റവന്യൂ രേഖകൾ പ്രകാരം ടി പ്രശ്ന പരിഹാരത്തിന് ശ്രമിക്കുന്നതും, അതിൽ പരിഹാരം |

| | | | |
|---|---|---|---|
| | | | കാണാത്ത പക്ഷം ആ പ്രദേശത്തെ വാർഡ് മെമ്പറിന്റെയോ, പൊതുജന സമ്മതനായ വ്യക്തി/ വ്യക്തികളുടെ സാന്നിദ്ധ്യത്തിലോ മധ്യസ്ഥ ചർച്ചയിലൂടെ പരിഹാരം കാണുകയും ചെയ്യും.<br><br>പ്രസ്തുത ചർച്ചയിലൂടെയും തർക്കം പരിഹരിക്കാൻ കഴിയാത്ത വസ്തുക്കൾ ഡിജിറ്റൽ സർവെ ചെയ്യുമ്പോൾ കൂട്ടായി ചേർത്ത് ഒരു സബ് ഡിവിഷനായി സർവെ ചെയ്ത് കൂട്ടായ അവകാശം രേഖപ്പെടുത്തുന്നതായിരിക്കും.<br><br>ഇങ്ങനെ കൂട്ടായ അവകാശം രേഖപ്പെടുത്തി സർവെ ചെയ്യുന്ന വസ്തുക്കൾ റവന്യൂ ഭരണത്തിന് കൈമാറിയ ശേഷം റവന്യൂ അധികാരികൾ വഴി പരിഹാരം കണ്ടെത്തുകയോ, ഒരു Civil Courts മുഖാന്തിരം പരിഹാരം കണ്ടെത്തുകയോ ചെയ്യാവുന്നതാണ്. |
| (സി) | സർവേ പൂർത്തിയാക്കിയ ശേഷം ഭൂവുടമയ്ക്ക് അളവിൽ എന്തെങ്കിലും പ്രയാസങ്ങളുണ്ടെങ്കിൽ പരാതി നൽകാൻ സാധിക്കുമോ; അങ്ങനെയെങ്കിൽ ആർക്കാണ് പരാതി നൽകേണ്ടതെന്നും അതിന്റെ നടപടിക്രമങ്ങൾ എന്തൊക്കെയാണെന്നും വിശദമായി അറിയിക്കാമോ; | (സി) | ഫീൽഡ് സർവെ പൂർത്തിയാക്കിയ ശേഷം ഭൂവുടമയ്ക്ക് അളവ് സംബന്ധിച്ച് പരാതി നൽകാൻ സാധിക്കും. ഡിജിറ്റൽ സർവെ പൂർത്തിയാകുന്ന വില്ലേജുകളിൽ സർവെ അതിരടയാള ആക്ട് സെക്ഷൻ 9(2) പ്രകാരമുള്ള വിജ്ഞാപനം പ്രസിദ്ധീകരിച്ചതിന് ശേഷം പൊതുജനങ്ങൾക്ക് ഒരു മാസ കാലയളവിൽ പ്രസ്തുത റിക്കാർഡുകൾ പരിശോധിക്കാവുന്നതും, ടി പരിശോധനയൽ വല്ല ആക്ഷേപവും കാണുന്ന പക്ഷം, ബന്ധപ്പെട്ട റീസർവെ സൂപ്രണ്ടിന് നേരിട്ടോ, "എന്റെ ഭൂമി" പോർട്ടലിൽ ഓൺലൈനായോ അപ്പീൽ അപേക്ഷ സമർപ്പിക്കാവുന്നതാണ്.<br><br>പ്രസ്തുത അപ്പീൽ പരാതികൾ കൂടി പരിഹരിച്ച്, കുറ്റമറ്റ രീതിയിലാണ് ഡിജിറ്റൽ സർവെയിൽ റിക്കാർഡുകൾ തയ്യാറാക്കുന്ന നടപടികൾ സ്വീകരിക്കുന്നത്. |
| (ഡി) | ഒരു ഡിജിറ്റൽ സർവേ ഔദ്യോഗികമായി പൂർത്തിയാക്കിയ ശേഷം അളക്കാത്ത സ്ഥലം ബാക്കിയുണ്ടെങ്കിൽ അത് അളക്കുന്നതിന് ഭൂവുടമയ്ക്ക് പിന്നീട് അവസരം നൽകുമോ; ഇതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കാമോ? | (ഡി) | ഡിജിറ്റൽ സർവെയ്ക്ക് തെരഞ്ഞെടുക്കുന്ന വില്ലേജുകളിലെ മുഴുവൻ വസ്തുക്കളും (സർക്കാർ/ സ്വകാര്യ) പൂർണ്ണ ജനപങ്കാളിത്തത്തോടെ കേരള സർവെ അതിരടയാള നിയമ പ്രകാരം വളരെ കൃത്യമായ രീതിയിൽ സർവെ ചെയ്തു പൂർത്തിയാക്കിയാണ് റിക്കാർഡുകൾ റവന്യൂ ഭരണത്തിന് കൈമാറുന്നത്.<br><br>ഇങ്ങനെ റവന്യൂ ഭരണത്തിന് കൈമാറിയിട്ടുള്ള റിക്കാർഡുകളിൽ ഏതെങ്കിലും വസ്തുക്കൾ, അവകാശ/ അതിർത്തി തർക്കത്തിലോ, മറ്റ് ഏതെങ്കിലും കാരണത്താലോ കൂട്ടായി ചേർത്ത് ഒറ്റ സബ് ഡിവിഷനായി സർവെ ചെയ്ത് കൂട്ടായ അവകാശം രേഖപ്പെടുത്തി സർവെ നടപടികൾ പൂർത്തിയാക്കിയിട്ടുണ്ടെങ്കിൽ അത്തരം വസ്തുക്കൾക്ക് |

| | | | |
|---|---|---|---|
| | | | പ്രശ്ന പരിഹാരത്തിന് ശേഷം റവന്യൂ വകുപ്പ് മുഖാന്തിരം പരിഹാരം കാണാവുന്നതാണ്. |

സെക്ഷൻ ഓഫീസർ